# സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ്-ജീവനകാര്യം-സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/IIതസ്തികകൾ മാറ്റിയും ജീവനക്കാരെ നിയമിച്ചും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സ.ഉ.(സാധാ) 475/2015/ആ.സാ.വ തീയതി 13/11/2015 നമ്പർ ഉത്തരവ്.
2. 29/03/2017 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.96/2016 നമ്പർ വിധിന്യായം.
3. സ.ഉ (സാധാ)346/2017/ആ.സാ.വ തീയതി 03/06/2017 ലെ നമ്പർ കത്ത്.
4. 16/01/2018, 30/04/2018, 22/05/2018, 24/05/2018, 20/07/2018, 14/09/2018, 03/07/2019, 11/11/2019എന്നീ തീയതികളിലെ ഈ ആഫീസിലെ ഇതേ നമ്പർ ഉത്തരവുകൾ.
5. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ 31/01/2020 ലെ ഇ1-174/2016/ ഡി.ഒ.ഇ.എസ്.ഡബ്ല്യു നമ്പർ കത്ത്.

## ഉത്തരവ് നമ്പർ.ഇ.എ (1)24408/2014/ഡിഇഎസ്, തീയതി : 24/06/2020

ഈ വകുപ്പിലെ കോട്ടയം, വയനാട് ജില്ലകളിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/ ഗ്രേഡ്-II അനുപാതം ക്രമീകരിക്കുന്നതിനായുള്ള പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലാ ആഫീസിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക കോട്ടയം ജില്ലയിലേക്കും കോട്ടയം ജില്ലയിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിക്കുവാനും, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേയ്ക്കും പകരം ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക ഡയറക്ടറേറ്റിലേയ്ക്കും മാറ്റി നിയമിക്കാൻ പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

അതനുസരിച്ച് പരാമർശം (4) ലെ നടപടിക്രമങ്ങൾ പ്രകാരം നിലവിൽ കോട്ടയം ജില്ലയിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേയ്ക്കും പകരം ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക കോട്ടയം ജില്ലയിലേയ്ക്കും മാറ്റി നിയമിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരം വയനാട് ജില്ലയിൽ ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ ഒഴിവ് വന്നിട്ടുണ്ട്. പ്രസ്തുത തസ്തിക സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് മാറ്റി ഉത്തരവാകുന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിലവിൽ ഒഴിവുള്ള ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തിക പകരം വയനാട് ജില്ലയിലേയ്ക്ക് മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തസ്തികമാറ്റത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ ഉണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ശ്രീ.സന്തോഷ്.കെ.ദാസ്-നെ നിയമിച്ച് ഉത്തരവാകുന്നു.

ടി-യാൻ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരി യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ ഇതിനാൽ പൂർത്തീകരിച്ചിരിക്കുന്നു

**ഒപ്പ്**
**നിപുൺ ജോസഫ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ശ്രീ.സന്തോഷ്.കെ.ദാസ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I
പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കോഴിക്കോട്/ വയനാട്
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
4) അക്കൗണ്ട്സ് / ബഡ്ജറ്റ് / ഇഎ(4)
5) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ))**